# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തിരുന്നാവായ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.17/3093/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 04/02/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തിരുന്നാവായ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തിരുന്നാവായ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുന്നാവായ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.17/3093/22 തീയ്യതി: 04/02/2023

## മലപ്പുറം ജില്ലയിലെ തിരുന്നാവായ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തിരുന്നാവായ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 24-02-2022 മുതൽ 20-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-12-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 21-12-2022 | 29-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-12-2022 | 29-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അബ്ദുൾ റഷീദ്. എം.പി (ഓഡിറ്റ് ഓഫീസർ)
ശ്രീ.മുഹമ്മദ് ഫാറൂക്ക് കെ.പി (അസി.ഓഡിറ്റ് ഓഫീസർ)
ശ്രീ.സന്തോഷ് പി.ടി (അസി.ഓഡിറ്റ് ഓഫീസർ)
ശ്രീ. ഇദ്രീസ് അബ്ദുള്ള എ.സി (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. കൊട്ടാരത്ത് സുഹറാബി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. വേണുഗോപാലൻ എം.പി | സെക്രട്ടറി | 01-04-2021 | 02-05-2021 |
| ശ്രീമതി. ജയശ്രീ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-05-2021 | 31-05-2021 |
| ശ്രീ. ജയൻ കെ.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2021 | 15-06-2021 |
| ശ്രീ. വിഷ്ണു എ.പി | സെക്രട്ടറി | 16-06-2021 | 29-11-2021 |
| ശ്രീമതി. ബിന്ദു സെബാസ്റ്റ്യൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 30-11-2021 | 06-02-2022 |
| ശ്രീ. അബ്ദുൾ ഹക്കിം യു | സെക്രട്ടറി | 07-02-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ജയശ്രീ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-05-2021 |
| ഒഴിവ് | അസിസ്റ്റന്റ് സെക്രട്ടറി | 01-06-2021 | 04-07-2021 |
| ശ്രീ. ബിജു കെ | അസിസ്റ്റന്റ് സെക്രട്ടറി | 05-07-2021 | 04-08-2021 |
| ശ്രീമതി. ബിന്ദു സെബാസ്റ്റ്യൻ | അസിസ്റ്റന്റ് സെക്രട്ടറി | 05-08-2021 | 31-03-2022 |
| ശ്രീമതി. ഫർസാന ഷാമിൻ പി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. നിമ ലക്ഷമണൻ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി. രശ്മി എം.ടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ. ബാബു മോൻ പി | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി. സൗമ്യ എൻ.എൽ | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി. സുധർമ വി.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ഷൈലജ ബിന്ദു | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ഡോ. സലിം ഇസ്മായിൽ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ. ഷാജിത്ത് കെ | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ. ശ്രീജീഷ് | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-4 |
| 5 | ഗ്രാന്റ് വിനിയോഗം സാക്ഷ്യപത്രം | 1-4-1 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 13 | കെട്ടിട നിർമ്മാണ പെർമിറ്റ്,വസ്തു നികുതി-ഫയൽ ഹാജരാക്കിയില്ല | 1-12 |
| 14 | കെട്ടിട നിർമ്മാണ പെർമിറ്റ് - പൊതു അപാകതകൾ | 1-13 |
| 15 | ലൈസൻസ് നൽകൽ -അപാകത | 1-14 |
| 16 | ഷോപ്പിംഗ് കോംപ്ലക്സ്- വാടകയിനത്തിൽ കുടിശ്ശിക | 1-15 |
| 17 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമായ നടപടികളില്ല | 1-16 |
| 18 | തൊഴിൽ നികുതി -ഡിമാന്റ് ചെയ്തില്ല | 1-17 |
| 19 | പട്ടർ നടക്കാവ് ലൈബ്രറി പ്രവർത്തനക്ഷമമാക്കേണ്ടതാണ്. | 1-18 |
| 20 | ന്യൂട്രിമിക്സ് വിതരണം അപാകതകൾ പരിഹരിക്കേണ്ടതാണ്. | 1-19 |
| 21 | ഹോമിയോ ആശുപത്രി-മുഴുവൻ മരുന്നുകളും ലഭ്യമായില്ല | 1-20 |
| 22 | എഫ് എച്ച് സി - മുഴുവൻ മരുന്നുകളും ലഭ്യമായില്ല | 1-21 |
| 23 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.ചെലവ് തുക തടസ്സം ചെയ്യുന്നു. | 1-22 |
| 24 | വാട്ടർ ചാർജ് അടവാക്കൽ -സംയുക്ത പരിശോധന നടത്തേണ്ടതാണ്. | 1-23 |
| 25 | രേഖകൾ പരിശോധനയ്ക്ക ഹാജരാക്കിയില്ല. ചെലവ് തടസ്സം ചെയ്യുന്നു | 1-24 |
| 26 | തുടർ പ്രവർത്തനങ്ങളുടെ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-25 |
| 27 | കമ്പ്യൂട്ടർ, യുപിഎസ് എന്നിവ ലഭ്യമായില്ല. | 1-26 |
| 28 | പൊതുമരാമത്ത് പ്രവൃത്തികൾ -പൊതു അപാകതകൾ | 1-27 |
| 29 | നടപടിക്രമങ്ങൾ പാലിക്കാതെ സിഡ്കോ മുഖേന മരാമത്ത് പ്രവൃത്തി. | 1-28 |
| 30 | ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 45616 രൂപ തിരിച്ചടവാക്കി. | 1-29 |

| | | |
|---|---|---|
| 31 | ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കുന്നില്ല | 1-30 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2021-22 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത്) തീരുമാന നം./തിയ്യതി |
|---|---|
| തീരുമാനം നം-1(1) തീയതി- 23.02.2021 | പുതുക്കിയിട്ടില്ല |

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2022 | 20.08.2022 | ബാധകമല്ല | ബാധകമല്ല |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 17432469 |
| വരവ് | 100626145 |
| ആകെ | 118058614 |
| ചെലവ് | 100537590 |
| നീക്കിയിരിപ്പ് | 17521024 |

### 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 0 | 23800149 | 23800149 | 22122509 | 1677640 |
| വികസന ഫണ്ട് എസ്.സി.പി. | 0 | 5881334 | 5881334 | 4582684 | 1298650 |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 15702403 | 15702403 | 5653260 | 10049143 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 0 | 8762582 | 8762582 | 3849276 | 4913306 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied ) | 0 | 14064169 | 14064169 | 2474272 | 11589897 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied ) | 0 | 4724000 | 4724000 | 3323471 | 1400529 |

| | | | | | |
|---|---|---|---|---|---|
| ബി ഫണ്ട് | 0 | 88452440 | 88452440 | 88452440 | 0 |

## 1-4-1 ഗ്രാന്റ് വിനിയോഗം സാക്ഷ്യപത്രം

ഗ്രാന്റ് പത്രിക, എ.സി.ആർ എന്നിവ പ്രകാരം താഴെ പറയുന്ന ഫണ്ടുകളിലെ ചെലവ് തുകയിലെ വ്യത്യാസം പട്ടികയിൽ ചേർക്കുന്നു.

| ഫണ്ട് | എ.സി.ആർ | ഗ്രാന്റ് പത്രിക | വ്യത്യാസം |
|---|---|---|---|
| ഡെവലപ്മെന്റ് ഫണ്ട് (ജനറൽ) | 22122509 | 24029709 | 1907200 |
| ഡെവലപ്മെന്റ് ഫണ്ട് (എസ്.സി.പി) | 4582684 | 4534017 | 48667 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 283 | 164970175 | 199 | 64661428 | 0 | 84 | 70% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|
| ഭരണ ചെലവുകൾ | അഡ്മിൻ ഫണ്ട് | 254153 | 124736 | 378889 | 378696 | 193 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 0 | 11355001 | 11355001 | 11355001 | 0 |
| ആകെ | | 254153 | 11479737 | 11733890 | 11733697 | 193 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 6840 | 5 |
| കർഷകതൊഴിലാളി പെൻഷൻ | 1228800 | 66 |
| വിധവാപെൻഷൻ | 26439100 | 1397 |
| വാർദ്ധക്യകാലപെൻഷൻ | 5214000 | 2822 |
| വികലാംഗപെൻഷൻ | 7984900 | 422 |
| വിവാഹ ധനസഹായം | 90000 | 3 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 588800 | 31 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.12.2022 ന് 10 AM മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2805 രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1) ഡി.സി.ബി രജിസ്റ്ററുകളിൽ സാമ്പത്തിക വർഷാന്ത്യം സംഗ്രഹം എഴുതി സൂക്ഷിക്കുന്നില്ല.
2) കെട്ടിട നിർമ്മാണ പെർമിറ്റ് -അപേക്ഷകളിൽ സേവനം നൽകുന്നത് മുൻഗണന ക്രമം പാലിക്കുന്നില്ല.
3.മാസ്റ്റർ ഇൻക്യുമ്പൻസി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
4.സേവന പുസ്തക സ്റ്റോക്ക് രജിസ്റ്ററിൽ മുഴുവൻ ജീവനക്കാരുടെ സേവനപുസ്തക വിവരം ഇല്ല.
5.തൊഴിൽ നികുതി രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നത് കാര്യക്ഷമമല്ല. ഉദാ. രണ്ടാം അർദ്ധവർഷ തൊഴിൽ നികുതി റിട്ടേണുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഇക്കാര്യത്തിൽ മേൽ നോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരുടെ ജാഗ്രത ആവശ്യമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.12.2022 മുതൽ 21.12.2022 വരെ | 07/2022 മുതൽ 10/2022 വരെ | 21.12.2022 |
| എ.ജി ഓഡിറ്റ് | 02.12.2009 മുതൽ 15.12.2009 വരെ | 2004-05 മുതൽ 2008-09വരെ | 15.01.2010 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1. താഴെ കാണിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് ബുക്കുകൾ മാസം ബാങ്ക് പാസ്സ് ബുക്കുകളുമായി റീ കൺസിലിയേഷൻ ചെയ്ത് സൂക്ഷിച്ചിട്ടില്ല.

| ക്രമ നം. | ബാങ്ക്, അക്കൗണ്ട് | അക്കൗണ്ട് നം. |
|---|---|---|
| 1 | Co-Operative Bank | 4110 |
| 2 | State Bank Of Travancore | 57052670358 |
| 3 | Kerala Gramin Bank (NREGS) | 40105100113721 |
| 4 | State Bank Of India | 10611714441 |
| 5 | Kerala Gramin Bank | 40105101068959 |
| 6 | Sub Treasury Tirur | 799013000000660 |
| 7 | Treasury TSB Account | 715051400000006 |
| 8 | Kerala Gramin Bank | 40105101014736 |
| 9 | Post Office (Own Fund) | 70184 |
| 10 | Kerala Gramin Bank | 40105100112776 |
| 11 | South Indian Bank | 0171053000017227 |
| 12 | Treasury Joint Venture | 799011400004713 |

2. താഴെ പറയുന്ന ഇനങ്ങളുടെ ഡി.സി.ബി രജിസ്റ്ററിൽ സംഗ്രഹം എഴുതി സൂക്ഷിക്കാത്തതിനാൽ വാർഷികകണക്കിൽ രേഖപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

| ഇനം | വാർഷിക കണക്ക് പ്രകാരമുള്ള വരവ് |
|---|---|
| Registration Fee From Private Hospitals & Paramedical Institutions | 700 |
| Building Regularisation Fee | 402064 |
| Building Permit Fee | 172620 |

| | |
|---|---|
| Licence Fee For Factories, Traders, Enterpreneuors | 63500 |
| Profession Tax-Employees | 1713700 |
| Rent Receivables From Buildings (Current & Arrears) | 6718123 |

3. വാർഷിക കണക്കുകൾ B-5 ഷെഡ്യൂൾ പ്രകാരം 11059000/-രൂപ ലോൺ ഇനത്തിൽ തിരിച്ചടക്കാനുണ്ട്. എന്നാൽ ലോൺ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ മേൽ തുകയുടെ ആധികാരിത പരിശോധിക്കാനായിട്ടില്ല.

4. വാർഷിക കണക്കിലെ B-18 ഷെഡ്യൂൾ പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തില് തിരികെ ലഭിക്കാൻ ബാക്കിയുള്ളത് -6000/- രൂപയാണ് (നെഗറ്റീസ് ബാലൻസ്) . എന്നാൽ അഡ്വാൻസ് രജിസ്റ്ററിൽ ഇതേ ഇനത്തിൽ തിരികെ ലഭിക്കാൻ ബാക്കിയുള്ളത് 6000/- രൂപയാണ്.

5. വാർഷിക കണക്കിലെ B-5 ഷെഡ്യൂൾ പ്രകാരം അഡ്വാൻസ് ഇനത്തിൽ തിരികെ ലഭിക്കാൻ ബാക്കിയുള്ള ഇനങ്ങളുടെ വിവരം അഡ്വാൻസ് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

| ഇനം | ബാലൻസ് തുക |
|---|---|
| Permenent Advance/ Imprest | 200 |
| Tour Traveling Allowance Advance | 35000 |
| Other Advances | 10328 |
| Advance With KSEB | 276400 |
| Advance With GWD | 42050 |
| Advance With PWD | 45417 |
| Advance To Other Accredited Agencies | 7845 |

6. State Bank Of India (Account No-67385529506) അകൗണ്ടിലെ 31.03.2022 ലെ ബാലൻസ്, ബാങ്ക് ബുക്ക് പ്രകാരം 3621060/- രൂപയും, വാർഷികകണക്കിലെ Rp40(b) പ്രകാരം 3620488/-രൂപയുമാണ്.

7. തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള Specific Purpose Grant കളുടെ വിനിയോഗ വിവരം കാണിക്കുന്ന ACR/Grant രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ബാധ്യതയായി ബുക്ക് ചെയ്ത തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

8. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

9. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ഡിപ്രിസിയേഷൻ ഇനത്തിൽ 6401873/-രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുക കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് തയ്യാറാക്കിയിട്ടില്ല.

10. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പഴയ ആസ്തികളുടെ വിവരങ്ങൾ പൂർണ്ണമല്ല. വാർഷിക കണക്ക് ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

11. വാർഷിക കണക്കിലെ B-7 ഷെഡ്യൂൾ പ്രകാരം Deposits Received ഇനത്തിൽ 4848475/-രൂപ ബാലൻസ് ഉണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഇതു സംബന്ധിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

12. വാർഷിക കണക്കിലെ B-12 ഷെഡ്യൂൾ പ്രകാരം ഇൻവെസ്റ്റ്മെന്റ് ഇനത്തിൽ 55000/-രൂപ ബാലൻസ് ഉണ്ട്. എന്നാൽ ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

13. തൊഴിലുറപ്പ് പദ്ധതി- ആകെ ചെലവ് വാർഷിക കണക്ക് ക്യാഷ് ബുക്ക് എന്നിവ പ്രകാരം പൊരുത്തപ്പെടുന്നില്ല.

| ഇനം | മുൻകൂർ തുക |
|---|---|
| വാർഷികകണക്ക് പ്രകാരം | 11355001 |
| ക്യാഷ് ബുക്ക് പ്രകാരം | 11960877 |

| | |
|---|---|
| വ്യത്യാസം | 605876 |

## 1-12 കെട്ടിട നിർമ്മാണ പെർമിറ്റ്,വസ്തു നികുതി-ഫയൽ ഹാജരാക്കിയില്ല

താഴെ കാണിച്ചിട്ടുള്ള ഫയൽ ഓഡിറ്റിന് ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ.02/2021-22/22.12.2022 ന് മറുപടി ഹാജരാക്കുകയോ ഫയലുകൾ ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തിട്ടില്ല. ഫയലുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ നമ്പർ | ക്രമ നം. | കെട്ടിട നമ്പർ ഫയലുകൾ |
|---|---|---|---|
| 1 | 787/03.02.2020 | 1 | 19/ 662, 19/663, 19/664 |
| 2 | 2727/21.04.2021 | 2 | 7/138 A |
| 3 | 3938/05.08.2021 | 3 | 3/355 C |
| 4 | 755/25.01.2021 | 4 | 4/620 A |
| 5 | 1932/12.03.2021 | 5 | 7/138 A |
| 6 | 798/21.10.2021 | 6 | 7/773, 7/774 |
| 7 | 1669/25.11.2021 | | |
| 8 | 1335/16.02.2021 | | |
| 9 | 698/13.10.2021 | | |
| 10 | 3463/16.07.2019 | | |

പെർമിറ്റ്, നമ്പറിംഗ് ഫയലുകൾ ഓഡിറ്റിൽ പരിശോധനക്ക് ഹാജരാക്കാത്തതിനാൽ പെർമിറ്റ്/ നമ്പറുകൾ അനുവദിച്ചത് ക്രമ പ്രകാരമാണോ എന്ന് പരിശോധിക്കാനായിട്ടില്ല. രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ആയതിൽ വരുന്ന വീഴ്ച സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കി തുടർ നടപടി സ്വീകരിക്കുന്നതാണ്.

## 1-13 കെട്ടിട നിർമ്മാണ പെർമിറ്റ് - പൊതു അപാകതകൾ

സർക്കുലർ നമ്പർ 12900/ആർ.എ1/2015 /ത.സ്വ.ഭ.വ തിയതി:02.12.2015 പ്രകാരം കെട്ടിട നിർമ്മാണ അപേക്ഷകൾ സംബന്ധിച്ച ഒരു രജിസ്റ്റർ പഞ്ചായത്ത് സൂക്ഷിക്കേണ്ടതാണ്. കെട്ടിട നിർമ്മാണ അപേക്ഷകൾ (പെർമിറ്റ്, റെഗുലറൈസേഷൻ, ഒക്യുപൻസി)ക്ക് ഫ്രണ്ട് ഓഫീസിൽ നിന്നും നൽകുന്ന കറന്റ് നമ്പറിന്റെ ക്രമത്തിൽ തന്നെ പെർമിറ്റ് രജിസ്റ്ററിൽ ചേർക്കേണ്ടതും നടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ കെട്ടിട നിർമ്മാണ അപേക്ഷകൾ സംബന്ധിച്ച അപേക്ഷകളിൽ ഈ രീതി പിന്തുടരുന്നില്ല. പെർമിറ്റ് രജിസ്റ്ററിൽ അപേക്ഷകൾ ചേർത്തതിന്റെയും, നടപടി സ്വീകരിച്ചതിന്റെയും തീയ്യതി ഉൾപ്പെടെയുള്ള ഉദാഹരണം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കറന്റ് നമ്പർ | നടപടി സ്വീകരിച്ച തീയ്യതി |
|---|---|---|
| 167 | 4171/16.08.2021 | 29.09.2021 |
| 168 | 237/18.09.2021 | 18.11.2021 |
| 169 | 2765/23.04.2021 | 28.09.2021 |
| 170 | 813/12.10.2021 | ലഭ്യമല്ല |
| 172 | 3338/06.07.2021 | 16.09.2021 |
| 173 | 5384/17.02.2021 | ലഭ്യമല്ല |

ഫ്രണ്ട് ഓഫീസിൽ നിന്നും നൽകുന്ന കറന്റ് നമ്പറിന്റെ ക്രമത്തിൽ തന്നെ പെർമിറ്റ് രജിസ്റ്ററിൽ ചേർക്കാത്തതിനാൽ, സ്വീകരിച്ച മുഴുവൻ അപേക്ഷകളും പെർമിറ്റ് രജിസ്റ്ററിൽ ചേർത്ത് നടപടി സ്വീകരിക്കുന്നതിന്റെ വിവരം പരിശോധിക്കാൻ സാധിക്കുന്നില്ല.

രജിസ്റ്ററിൽ സർവ്വേ നമ്പർ & വില്ലേജ്, വാർഡ്, ഡോർ നമ്പർ, നാച്ചർ ഓഫ് ഒക്യുപൻസി, നമ്പർ ഓഫ് ഫ്ലോർസ് & ഫ്ലോർ ഏരിയ , ഫ്ലോർ സ്പെസ് ഇൻഡക്സ്, ഫീ റെമിറ്റഡ്, ഡേറ്റ് ഓഫ് സബ്മിഷൻ ബൈ ക്ലർക്ക്, ഡേറ്റ് ഓഫ് റിട്ടേൺ, ഡേറ്റ് ഓഫ് ഇൻറ്റിമേഷൻ ടു അപ്ലിക്കന്റ് തുടങ്ങിയ വിവരങ്ങൾ ചേർക്കുന്നില്ല. കൂടാതെ പഞ്ചായത്തിൽ കെട്ടിട നിർമ്മാണ അപേക്ഷകൾ സംബന്ധിച്ച അപേക്ഷകളിൽ മിക്കതും പെർമിറ്റ് നേടാതെ നിർമ്മാണം നടത്തിയതിന് ശേഷം ക്രമവൽക്കരിക്കുന്നതിനാണ്. പെർമിറ്റ് നേടിയ നിർമ്മാണങ്ങളേക്കാൾ കെട്ടിടങ്ങളുടെ റഗുലറൈസേഷൻ

അധികരിക്കുന്നത് പഞ്ചായത്ത് പ്രദേശത്ത് പെർമിറ്റില്ലാതെയുള്ള നിർമ്മാണങ്ങൾ ധാരാളം നടക്കുന്നുണ്ടെന്നും നിർമ്മാണങ്ങളുടെ മേൽ പഞ്ചായത്തിന് വ്യക്തമായ നിയന്ത്രണമില്ല എന്നുമാണ് സൂചിപ്പിക്കുന്നത്.
കെട്ടിട നിർമ്മാണം സംബന്ധിച്ച അപേക്ഷകൾക്ക് ഫ്രണ്ട് ഓഫീസിൽ നിന്നും നൽകുന്ന കറന്റ് നമ്പറിന്റെ ക്രമത്തിൽ തന്നെ പെർമിറ്റ് രജിസ്റ്ററിൽ ചേർക്കേണ്ടതും, അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടി രജിസ്റ്ററിലെ ബന്ധപ്പെട്ട കോളത്തിൽ ചേർക്കേണ്ടതുമാണ്.
ഇത് സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി (നമ്പർ.8/24-12-21) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-14 ലൈസൻസ് നൽകൽ -അപാകത

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 ലെ വിജ്ഞാപന പ്രകാരം ഫാക്ടറികൾ, വ്യാപാര സ്ഥാപനങ്ങൾ, സംരംഭങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നതിന് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചിട്ടുണ്ട്. ഇവയ്ക്ക് 1996ലെ കേരള പഞ്ചായത്ത് രാജ്(ആപൽകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം, II -ാം പട്ടികയിൽ പറഞ്ഞിട്ടുള്ള തുകയേക്കാൾ അധികരിക്കാത്ത ലൈസൻസ് ഫീസ് ചുമത്താവുന്നതാണ്. എന്നാൽ പഞ്ചായത്തിൽ സ്വീകരിച്ചിട്ടുള്ള ലൈസൻസ് അപേക്ഷകളിൽ ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിന് മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ ചേർത്തിട്ടില്ല. ആയതിനാൽ ലൈസൻസ് ഫീസ് നിശ്ചയിച്ചത് ഏതു മാനദണ്ഡ പ്രകാരമാണെന്ന് വ്യക്തമല്ല. കൂടാതെ ലൈസൻസ് രജിസ്റ്ററിൽ സ്ഥാപനം പ്രവർത്തിക്കുന്ന വാർഡ്, കെട്ടിട നമ്പർ, അപേക്ഷ ലഭിച്ച തീയ്യതി നമ്പർ, ലൈസൻസ് എന്ത് ആവശ്യത്തിന് അനുവദിച്ചു എന്നിവ രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി(നമ്പർ.21/27-12-2022)ക്ക് പുതിയ ലൈസൻസ് എടുക്കുന്ന അപേക്ഷകളിൽ രേഖപ്പെടുത്തലുകൾ പൂർണ്ണമാണെന്നും, ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകളിലാണ് മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ ചേർക്കാത്തതെന്നും, രജിസ്റ്ററിലെ വിവരങ്ങൾ ചേർത്തത് അതതു കോളങ്ങളിൽ അല്ലാത്തതിനാലാണ് സ്ഥാപനം പ്രവർത്തിക്കുന്ന വാർഡ്, കെട്ടിട നമ്പർ, അപേക്ഷ ലഭിച്ച തീയ്യതി നമ്പർ, ലൈസൻസ് എന്ത് ആവശ്യത്തിന് അനുവദിച്ചു എന്നുള്ള വിവരങ്ങൾ വ്യക്തമാകാത്തത് എന്നും മറുപടി നൽകി.
ലൈസൻസ് (പുതുക്കൽ ഉൾപ്പെടെ) അപേക്ഷകളിൽ വിവരങ്ങൾ പൂർണ്ണമായും ചേർക്കേണ്ടതും, രജിസ്റ്ററിൽ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

## 1-15 ഷോപ്പിംഗ് കോംപ്ലക്സ്- വാടകയിനത്തിൽ കുടിശ്ശിക

തിരുനാവായ ഗ്രാമ പഞ്ചായത്ത് ഉടമസ്ഥതയിൽ പട്ടർനടക്കാവിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ 38 മുറികളാണ് വാടകക്ക് നൽകുന്നത്. കോവിഡ്-ലോക്ക് ഡൗൺ സാഹചര്യങ്ങൾ പരിഗണിച്ച്, 2021 നവംബർ 15 ലെ തീരുമാനം നമ്പർ 7(1) പ്രകാരം 2021 ഏപ്രിൽ മാസത്തെ വാടക ഒഴിവാക്കി നൽകിയിരുന്നു. ഏപ്രിൽ മാസത്തെ വാടക ഒഴിവാക്കി ബാക്കി പതിനൊന്ന് മാസങ്ങളിലെ വാടക അടവാക്കാത്തവരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഷോപ്പിംഗ് കോംപ്ലക്സ് | മുറി നമ്പർ | വാടക ക്കാരന്റെ പേര് | മാസ വാടക | അടവാക്കിയ തുക | കുടിശ്ശിക |
|---|---|---|---|---|---|
| പട്ടർനടക്കാവ് | 7/626 | ഉമ്മർ വരിയതാഴത്ത് | 3040 | 0 | 33440 |
| | 7/631 | അലവിക്കുട്ടി കളപ്പാട്ടിൽ | 5471 | 2*5471=10942 | 49239 |
| | 7/643 | ജാഫർ അലി ചൂരപ്പലാക്കൽ | 10332 | 0 | 113652 |
| ആകെ | | | | | 196331രൂപ |

കൂടാതെ ഷോപ്പിംഗ് കോംപ്ലക്സിൽ എസ്.സി സംവരണമായി മാറ്റി വെച്ച 7/634, 7/635 മുറികളും, 7/641 7/640 അറ്റകുറ്റ പണികൾ നടക്കുന്നതിനാലും വാടകക്കാരില്ലാതെ ഒഴിഞ്ഞ് കിടക്കുകയായിരുന്നു. വാടകയിനത്തിലെ കുടിശ്ശിക തുക ഈടാക്കുന്നതിനും ഒഴിഞ്ഞ കിടക്കുന്ന മുറികൾ വാടകക്ക് നൽകുന്നതിനും നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ.11/26-12-22) ക്ക് ശ്രീ.ഉമ്മർ വരിയതാഴത്ത് എന്നവരുടെ വാടക കുടിശ്ശിക ഡെപ്പോസിറ്റ് തുകയിൽ നിന്ന് പിടിച്ച് ബാക്കി തുക ടിയാൾക്ക് തിരികെ നൽകി കട മുറി പഞ്ചായത്ത് ഏറ്റെടുക്കുന്നതിന് 27.09.2022 ലെ 14(4) നമ്പർ പ്രകാരം ഭരണ സമിതി തീരുമാനിച്ചിട്ടുണ്ടെന്നും, ഇതു വരെയുള്ള കുടിശ്ശികയിൽ നിന്നും ശ്രീ.അലവിക്കുട്ടി കളപ്പാട്ടിൽ എന്നവർ 209099/- രൂപ 12.08.2022 നം ശ്രീ.ജാഫർ അലി

ചൂരപ്പുലാക്കൽ എന്നവർ 400000/- രൂപ 14.12.2022 നം അടവാക്കിയിട്ടുണ്ടെന്നും (രശീതി നമ്പർ പരാമർശിച്ചിട്ടില്ല) ബാക്കി തുക അടവാക്കുന്നതിന് നിയമ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ 7/634, 7/635, 7/641 ,7/640 എന്നീ മുറികൾ അറ്റകുറ്റ പണിയിലാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ശ്രീ.ഉമ്മർ വരിയതാഴത്തിന് വാടകക്ക് നൽകിയ 7/626 നമ്പർ മുറി പഞ്ചായത്ത് ഏറ്റെടുത്ത്, സ്വീകരിച്ച തുടർനടപടികൾ, വാടക കുടിശ്ശികയിനത്തിൽ ബാക്കി തുക ലഭ്യമായതിന്റെ വിവരം, അറ്റകുറ്റ പൂർത്തിയായ മുറികൾ വാടകക്ക് നൽകൽ എന്നിവ സംബന്ധിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമായ നടപടികളില്ല

1.1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ അത്തരം വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യാപാരം, വ്യവസായം, മറ്റ് വരുമാനമാർഗ്ഗങ്ങൾ എന്നിവയിൽ ഏർപ്പെടുന്നവർ മേൽ ആക്ട്, ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരാണ്. തൊഴിൽ നികുതി ഡിമാന്റ് ചെയ്യൽ/ഈടാക്കൽ എന്നിവയുമായി ബന്ധപ്പെട്ട രേഖകൾ/രജിസ്റ്ററുകൾ പരിശോധിച്ചതിൽ മേൽ ആക്ട്, ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ വ്യക്തികളും/സ്ഥാപനങ്ങളും നികുതി പരിധിക്കുള്ളിൽവന്നുവെന്ന് ഉറപ്പു വരുത്തുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നൽകേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതുമാണ് [നിയമം 205ബി,ചട്ടം13 എന്നിവ കാണുക]. എന്നാൽ നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, വരുമാനദായകർ എന്നിവരെ കണ്ടെത്താനുള്ള മേൽ നടപടികൾ പൂർണമായി സ്ഥാപനത്തിൽ പാലിക്കപ്പെട്ടിട്ടില്ല.

2. 1996 ലെ കേരളാ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ തൊഴിൽ നികുതി കൊടുക്കുന്നതിന് ബാധ്യസ്ഥനാണെങ്കിൽ റിട്ടേൺ സമർപ്പിക്കാൻ സെക്രട്ടറിക്ക് ആവശ്യപ്പെടാവുന്നതും ചട്ടം 16 പ്രകാരം തൊഴിലുടമകളോട് ജീവനക്കാരുടെ വരുമാനത്തേയോ ശമ്പളത്തേയോ സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെടാവുന്നതുമാണ്. 2021-22 വർഷത്തിൽ രണ്ടാം അർദ്ധവർഷത്തെ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനം സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ല.

3.കെട്ടിട ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നൽകി നിശ്ചിത ഫോറത്തിൽ വിവരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ രണ്ടാം നമ്പർ ഫോറത്തിൽ തൊഴിലെടുക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകേണ്ടതാണ്. വാർഡുകളുടെ ചുമതലയുള്ള ക്ലാർക്കുമാർ, സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയതിലെ വിവരങ്ങൾ തുടങ്ങി ലഭ്യമായ എല്ലാ സംവിധാനങ്ങളും ഉപയോഗപ്പെടുത്തി ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

4.വിവിധ വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് ലൈസൻസ് നല്കുമ്പോൾ ഈടാക്കുന്ന നികുതി സ്ഥാപനത്തിന്റെ പ്രതിദിന വിറ്റുവരവ്/മൂലധന നിക്ഷേപം എന്നിവ അടിസ്ഥാനപ്പെടുത്തി സ്ഥാപന തൊഴിൽനികുതി മാത്രമാണെന്ന് രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ലെന്ന് കാണുന്നു. ലൈസൻസ് അനുവദിക്കപ്പെട്ട സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

5.ടെയിഡേഴ്സിൽ നിന്നും നികുതി ഈടാക്കിയിട്ടുള്ളത് ചട്ടങ്ങളിൽ പ്രതിപാദിച്ച നടപടിക്രമങ്ങൾ പാലിക്കാതെയാണ്. സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങിയാണ് നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടത്. എന്നാൽ ഒരു മാനദണ്ഡവുമില്ലാതെ ഒരു നിശ്ചിത തുക ഈടാക്കുന്ന രീതിയാണ് തുടർന്നുവരുന്നത്. ഇത് വരുമാനചോർച്ചയ്ക്ക് ഇടയാക്കുന്ന എന്നതു പോലെ ചട്ടങ്ങളുടെ ലംഘനവുമാണ്. നികുതി ക്രമപ്രകാരം ഈടാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

6.നികുതി അടവാക്കാൻ ബാധ്യതപ്പെട്ടവരിൽ നിന്നും ആയത് പൂർണ്ണമായും ഈടാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് കേരള പഞ്ചായത്ത് രാജ് ആക്ട്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 24/29.12.22 മുഖേന ഇക്കാര്യത്തിൽ മറുപടി ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയിട്ടില്ല)

## 1-17 തൊഴിൽ നികുതി -ഡിമാന്റ് ചെയ്തില്ല

1. സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവൃത്തിക്കുന്ന ചുവടെ കാണിച്ച സ്ഥാപനങ്ങൾ 2021-22 സാമ്പത്തികവർഷം സ്ഥാപന തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | ബി.എസ്.എൻ.എൽ. | 1 & 2 |
| 2 | കേരള ഗ്രാമീണ ബാങ്ക് | 1 |
| 3 | വനിത സഹകരണബാങ്ക് | 1&2 |
| 4 | എസ്.ബി.ഐ. | 1&2 |
| 5 | പി.എൻ.വൈ.ഫിനാൻസ് | 2 |

2. തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവൃത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ 2021-22 സാമ്പത്തികവർഷം തൊഴിൽ നികുതി അടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | പി.എച്ച്.സി, പട്ടർനടക്കാവ് | 2 |
| 2 | ബി.എസ്.എൻ.എൽ. | 1 & 2 |
| 3 | തിരൂർ അർബൻ ബാങ്ക്, പട്ടർനടക്കാവ് | 1 & 2 |
| 4 | നാവാമുകുന്ദ ഹൈസ്കൂൾ | 2 |
| 5 | എസ്.ഡി.ഒ,സതേൺ റെയിൽവേ, പാലകകാട് | 2 |
| 6 | എസ്.ഡി.ഒ,സതേൺ റെയിൽവേ, തിരൂർ | 2 |
| 7 | ഹാപ്പി പോളി പ്രോസസ്സ് | 2 |
| 8 | പി.എൻ.വൈ.ഫിനാൻസ് | 2 |
| 9 | എം.ജി.എൻ.ആർ.ഇ.ജി.എസ് | 2 |

തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ഇല്ലായെങ്കിൽ ഈടാക്കുന്നതിന് നടപടി സ്വീകരിച്ചും അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ 22/29.12.2022 നമ്പർ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-18 പട്ടർ നടക്കാവ് ലൈബ്രറി പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

ഹെഡ്മിസ്ട്രസ് നിർവഹണ ഉദ്യോഗസ്ഥയായി 2021-22 വർഷത്തിൽ പട്ടർനടക്കാവ് ലൈബ്രറി ഡിജിറ്റലൈസേഷന്റെ ഭാഗമായി താഴെ പറയുന്ന പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

| പ്രോജക്ട് നമ്പർ/ പേര് | ചെലവ് തുക |
|---|---|
| 289/22 പട്ടർനടക്കാവ് ലൈബ്രറി ഡിജിറ്റലൈസേഷൻ(SO) | 6,31,804 |
| 361/22 പട്ടർനടക്കാവ് ലൈബ്രറി കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | 63,102 |

19 ാം വാർഡിൽ പഞ്ചായത്ത് സാംസ്കാരിക നിലയത്തിൽ സ്ഥിതി ചെയ്യുന്ന ലൈബ്രറിയിൽ നിലവിലുണ്ടായിരുന്ന ലൈബ്രേറിയൻ റിട്ടയർ ചെയ്തതിനാൽ നിലവിൽ ലൈബ്രേറിയൻ ഇല്ല . ലൈബ്രറി നിലവിൽ പ്രവർത്തനരഹിതമായിരിക്കുകയാണ്. ലൈബ്രറിയിൽ നിലവിലുള്ള പുസ്തകങ്ങളും വസ്തുവകകളും ഡിജിറ്റലൈസേഷന്റെ ഭാഗമായി വാങ്ങിയ സാമഗ്രികളും സംരക്ഷിക്കപ്പെടേണ്ടതുണ്ട്. ലൈബ്രറി പ്രവർത്തനക്ഷമമാക്കി പൊതുജനങ്ങൾക്ക്

പ്രയോജനപ്രദമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിൻമേൽ സ്വീകരിച്ച തുടർ നടപടി വിവരം ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യത്തെ മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-19 ന്യൂട്രിമിക്സ് വിതരണം അപാകതകൾ പരിഹരിക്കേണ്ടതാണ്.

2021-22 വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ പോഷകാഹാര വിതരണം (ന്യൂട്രിമിക്സ്) സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1 ന്യൂട്രിമിക്സ് വിതരണം ടിഡിഎസ് ഈടാക്കിയില്ല

2017 ലെ ചരക്ക് സേവനനികുതി നിയമം വകുപ്പ് 51പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്കു തുല്യമോ അതിനു മുകളിലോ ഉള്ള വാങ്ങലുകളിൽ 2% ജിഎസ് ടിയുടെ TDS (1%CGST+1%SGST) കുറവ് ചെയ്യേണ്ടതാണ്. എന്നാൽ ഐസിഡിഎസ് സൂപ്പർവൈസർ നിർവഹണം നടത്തിയ പോഷകാഹാരവിതരണ പദ്ധതികൾ പ്രകാരമുള്ള വാങ്ങലുകളിൽ(ന്യൂട്രിമിക്സ്) ജിഎസ് ടി ഉൾപ്പടെയുള്ള തുക സ്ഥാപനത്തിന് നൽകിയിട്ടുണ്ടെങ്കിലും ടിഡിഎസ് ഈടാക്കി അടവാക്കിയിട്ടില്ല.

പ്രോജെക്റ്റ് നമ്പർ-5/അംഗനവാടി പോഷകാഹാര പ്രോജെക്റ്റുകൾ

അടങ്കൽ-വികസനഫണ്ട്-36,16,737,കേന്ദ്രാവിഷ്കൃത ഫണ്ട്-18,00,000,തനത് ഫണ്ട്-7,20,000 രൂപ

ചെലവ്-വികസന ഫണ്ട്-36,16,736,കേന്ദ്രാവിഷ്കൃത ഫണ്ട്-18,00,000,തനത് ഫണ്ട്-7,20,000 രൂപ

2 ന്യൂട്രിമിക്സ് വിതരണം ചെയ്യുന്ന സ്ഥാപനത്തെ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചില്ല.

പഞ്ചായത്തിൽ ന്യൂട്രിമിക്സ് ഓഡിറ്റ് വർഷത്തിൽ 3 സ്ഥാപനങ്ങളാണ് വിതരണം ചെയ്തത്.പവിത്രം ന്യൂട്രിമിക്സ് തൃപ്പങ്ങോട്,പുലരി ന്യൂട്രിമിക്സ് കുറ്റിപ്പുറം,ധനശ്രീ ന്യൂട്രിമിക്സ് എടപ്പാൾ. വിതരണം ചെയ്ത മേൽ സ്ഥാപനങ്ങളെ ക പഞ്ചായത്ത് ഭരണ സമിതി അംഗീകരിക്കുകയും സ്ഥാപനവുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടില്ല.

3 ലാബ് പരിശോധനാറിപ്പോർട്ട് ലഭ്യമാക്കിയില്ല.

സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ ഐസിഡിഎസ് ബി 3/312/10തി.18.12.10 കത്ത് പ്രകാരം 2 മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂനിറ്റിൽ നിന്നും ഓരോ ബാച്ച് പ്രോഡക്ടുകളുടെ സാമ്പിളുകൾ പരിശോധന നടത്താനും നിർദേശിച്ചിരുന്നു. ന്യൂട്രിമിക്സ് ഗുണനിലവാര പരിശോധനാ റിപ്പോർട്ട് ഫയലിനോടൊപ്പം ലഭ്യമാക്കിയില്ല.

ഇത് സംബന്ധിച്ച് നമ്പർ 14/27.12.22 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. അപാകതകൾ പരിഹരിക്കുമെന്ന് ഐസിഡിഎസ് സൂപ്പർവൈസർ മറുപടി നൽകിയിട്ടുണ്ട്.

## 1-20 ഹോമിയോ ആശുപത്രി-മുഴുവൻ മരുന്നുകളും ലഭ്യമായില്ല

ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ എന്ന പ്രോജെക്റ്റ് പ്രകാരം - 1,74,568 രൂപയുടെ മരുന്നുകൾ ലഭ്യമാകുവാൻ അവശേഷിക്കുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | 2021-22 |
|---|---|
| പ്രോജക്റ്റ് നമ്പർ | 133/22 |
| പ്രോജക്റ്റിന്റെ പേര് | ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ |
| അടങ്കൽ/ചെലവ് | 4,00,000 രൂപ മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) |
| ചെലവ് | 4,00,000രൂപ<br>ബിൽ നമ്പർ 93/26.11.21 |
| നിർവഹണം | മെഡിക്കൽ ഓഫീസർ എഫ്എച്ച്സി |

മേൽ പ്രോജെക്റ്റ് പ്രകാരം ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിന് 4,00,000 രൂപ കേരള ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ അടവാക്കിയിട്ടുണ്ട്. 2,25,432രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. 1,74,568 രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാകുവാൻ അവശേഷിക്കുന്നു.

| ക്രമനമ്പർ | തുക നൽകിയതിന്റെ വിവരം | മരുന്ന് ലഭിച്ചതിന്റെ വിവരം |
|---|---|---|

| | ഇൻവോയ്സ് നമ്പർ | തുക | ഇൻവോയ്സ് നമ്പർ | തുക |
|---|---|---|---|---|
| 1 | PF 901/8.11.21 | 4,00,000 | LF1046/17.11.22 | 2,25,432 |
| | | | ആകെ | 2,25,432 |

ലഭ്യമാകുവാൻ അവശേഷിക്കുന്ന 1,74,568 രൂപയുടെ മരുന്നുകൾ ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നമ്പർ 25/28.12.22 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. മരുന്നുകൾ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 എഫ് എച്ച് സി - മുഴുവൻ മരുന്നുകളും ലഭ്യമായില്ല

എഫ് എച്ച്സിയിലേക്കു മരുന്നു വാങ്ങൽ പ്രോജെക്റ്റ് പ്രകാരം - 9966 രൂപയുടെ മരുന്നുകൾ ലഭ്യമാകുവാൻ അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | 2021-22 |
|---|---|
| പ്രോജക്റ്റ് നമ്പർ | 129/21-22 |
| പ്രോജക്റ്റിന്റെ പേര് | എഫ്എച്ച് സിയിലേക്ക് മരുന്നു വാങ്ങൽ |
| അടങ്കൽ/ചെലവ് | 4,00,000 രൂപ മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) |
| ചെലവ് | 4,00,000രൂപ ബിൽ നമ്പർ 8/17.11.21 |
| നിർവഹണം | മെഡിക്കൽ ഓഫീസർ എഫ്എച്ച്സി |

മേൽ പ്രോജെക്റ്റ് പ്രകാരം എഫ് എച്ച് സിയിലേക്ക് മരുന്ന് വാങ്ങുന്നതിന് 4,00,000 രൂപ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ അടവാക്കിയിട്ടുണ്ട്. 3,90,034 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. 9966 രൂപയുടെ മരുന്നുകൾ ലഭ്യമാകുവാൻ അവശേഷിക്കുന്നു.

| ക്രമനമ്പർ | തുക നൽകിയതിന്റെ വിവരം | | മരുന്ന് ലഭിച്ചതിന്റെ വിവരം | |
|---|---|---|---|---|
| | ഇൻവോയ്സ് നമ്പർ | തുക | ഇൻവോയ്സ് നമ്പർ | തുക |
| 1 | PRF2826/22.10.21 | 4,00,000 | 12019/29.1.22 | 88,055 |
| | | | 14440/5.3.22 | 88,055 |
| | | | 15306/30.3.22 | 85,082 |
| | | | 8362/9.8.22 | 1450 |
| | | | 8423/30.8.22 | 88,055 |
| | | | 14616/20.10.21 | 31,083 |
| | | | 24303/25.10.22 | 8254 |
| | | | ആകെ | 390034 |

അവശേഷിക്കുന്ന 9966രൂപയുടെ മരുന്നുകൾ ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് നമ്പർ 3/23.12.22 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്റർ സഹിതം ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-22 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.ചെലവ് തുക തടസ്സം ചെയ്യുന്നു.

2021-22 വർഷത്തിൽ സെക്രട്ടറി നിർവഹണം നടത്തിയ താഴെ പറയുന്ന പ്രോജക്റ്റുകളിലെ കൈപ്പറ്റ്/വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയില്ല.

| ക്രമനമ്പർ | പ്രോജക്റ്റ് നമ്പർ | ചെലവ് | ബിൽ | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | /പേര്/ഫണ്ട് | തുക | നമ്പർ/ തിയതി | |
| 2 | 3/21-22 ഐകെഎം സാങ്കേതിക സേവനത്തിന് നൽകിയ തുക | 1,07,628 | 124/29.12.21 | ഐകെഎം എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അനുവദിച്ചത് കൈപ്പറ്റ് ഇല്ല |
| 3 | 371/21-22 വെട്ടം സി എച്ച് ഡയാലിസിസി സെന്ററിന് ബ്ലോക്ക് വിഹിതം നൽകൽ | 3,59,381 | 270/9.3.22 | തിരൂർ ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കിയത് വിനിയോഗ വിവരം ലഭ്യമാക്കിയില്ല |
| | ആകെ | 4,67,009 | | |

ഇത സംബന്ധിച്ച് നമ്പർ 6/23.12.22 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മേൽ പ്രോജെക്ടുകൾ പ്രകാരമുള്ള ചെലവിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവ് തുക 4,67,009 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-23 വാട്ടർ ചാർജ് അടവാക്കൽ -സംയുക്ത പരിശോധന നടത്തേണ്ടതാണ്.

പ്രോജക്ട് നമ്പർ 163/21-22 പ്രകാരം 2021-22 വർഷത്തിൽ പൊതു ടാപ്പ് വെള്ളക്കരം അടവാക്കുന്നതിന് ധനകാര്യ കമ്മീഷൻ ഗ്രാന്റിൽനിന്നും 55,681 രൂപ ചെലവഴിച്ചിട്ടുണ്ട്. (ബിൽ നമ്പർ 297/21.3.22) 60 ടാപ്പുകൾക്ക് പ്രതിവർഷം 5512.5 രൂപ നിരക്കിലാണ് കേരള വാട്ടർ അതോറിറ്റിയിൽ വാട്ടർ ചാർജ് അടവാക്കി വരുന്നത്. നിലവിൽ ഉപയോഗത്തിലുള്ള വാട്ടർടാപ്പുകളുടെ എണ്ണം കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് നമ്പർ 4/23.12.22 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. നിലവിൽ ഉപയോഗിക്കുന്ന വാട്ടർ ടാപ്പുകളുടെ എണ്ണം കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ഉപയോഗിക്കുന്ന വാട്ടർ ടാപ്പുകൾക്ക് മാത്രം ചാർജ് അടവാക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-24 രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ചെലവ് തടസ്സം ചെയ്യുന്നു

| | |
|---|---|
| വർഷം | 2021-22 |
| പ്രോജക്ട് നമ്പർ | 2/21-22 |
| പ്രോജക്ടിന്റെ പേര് | പദ്ധതി രൂപീകരണം, നിർവഹണം , മോണിറ്ററിംഗ് |
| അടങ്കൽ | 2,00,000- തനത് ഫണ്ട് |
| ചെലവ് | 8935രൂപ<br>ബിൽ നമ്പർ 141/4.1.22 |
| നിർവഹണം | സെക്രട്ടറി |

മേൽ പ്രൊജക്ടിൽ 23 വാർഡുകളിൽ ഗ്രാമസഭാ നോട്ടീസ് അടിക്കുന്നതിനായി 6900 രൂപയും 126 നമ്പർ അംഗനവാടിയിൽ കുഴൽക്കിണർ നിർമ്മാണത്തിന് ഭൂജല സർവ്വേ നടത്തുന്നതിനായി 2035 രൂപ ഗ്രൗണ്ട് വാട്ടർ

ഡിപ്പാർട്ട്മെന്റ് മലപ്പുറം ഓഫീസിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്.
(10.11.21 ലെ 1(2) നമ്പർ പഞ്ചായത്ത് തീരുമാനം കുഴൽക്കിണർ നിർമ്മാണത്തിനു തയ്യാറാക്കിയ പ്രോജെക്ടിൽ ഉൾപ്പെടുത്തി ചെലവു ചെയ്താൽ പ്രോജെക്ടിന്റെ നിർവഹണം തടസ്സപ്പെടുമെന്ന് വിചാരിച്ചാണ് പദ്ധതി നിർവഹണം. നിർവഹണം മോണിറ്ററിംഗിന്റെ ഭാഗമായി ചെലവ് ചെയ്തതെന്ന് മറുപടി നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണം, മോണിറ്ററിംഗ് തുകയിൽ ഇപ്രകാരം ചെലവ് ചെയ്തത് ക്രമപ്രകാരമല്ല. കൂടാതെ കുഴൽക്കിണർ നിർമ്മാണത്തിന്റെ സർവ്വേ റിപ്പോർട്ടും തുടർ നടപടികളുടെ വിവരവും ഓഡിറ്റിന് ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച് നമ്പർ 18/27.12.22 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-25 തുടർ പ്രവർത്തനങ്ങളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

സർക്കാരിന്റെ സാന്ത്വന സ്പർശം പൊതുജന പരാതി പരിഹാര അദാലത്ത് പ്രകാരം സമർപ്പിച്ച അപേക്ഷ പ്രകാരം വാർഡ് 11പുഴംപുറം ഇന്തർക്കടവിനോട് ചേർന്നു കിടക്കുന്ന പ്രദേശത്ത് വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് കെഎസ്ഇബി ഇലക്ട്രിക്കൽ സെക്ഷൻ തിരുനാവായ അസി. എഞ്ചിനീയറുടെ പേരിൽ 13.7.21ലെ 14(1) നമ്പർ പഞ്ചായത്ത് തീരുമാന പ്രകാരം 37,049 രൂപ അടവാക്കിയിട്ടുണ്ട്.(ചെക്ക് നമ്പർ 017134/31.3.2022).മേൽ തുക അടവാക്കിയതിന്റെ രേഖകളും വിനിയോഗ സാക്ഷ്യപത്രവും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് എന്ന് കാണിച്ച് നമ്പർ 25/29.12.22 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല.മേൽ സാഹചര്യത്തിൽ ചെലവ്തുക 37,049 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-26 കമ്പ്യൂട്ടർ, യുപിഎസ് എന്നിവ ലഭ്യമായില്ല.

| | |
|---|---|
| വർഷം | 2021-22 |
| പ്രോജെക്ട് നമ്പർ | 361/22 |
| പ്രോജെക്ടിന്റെ പേര് | പട്ടർനടക്കാവ് ലൈബ്രറിക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ | 67,850- മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) |
| ചെലവ് | 63,102രൂപ<br>ബിൽ നമ്പർ 355/26.3.22 |
| നിർവഹണം | ഹെഡ്മിസ്ട്രസ് |

കേരള സ്റ്റേറ്റ് ഇലക്ട്രോണിക് ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്നും സിപിആർസിഎസ് പോർട്ടലിലൂടെ താഴെ പറയുന്ന ഐടി ഉപകരണങ്ങൾ ലഭ്യമാക്കുവാൻ 63,102 രൂപ അടവാക്കിയിട്ടുണ്ട്.

| ഇൻവോയ്സ് നമ്പർ/ തിയതി | ഉപകരണത്തിന്റെ പേര് | എണ്ണം | വില |
|---|---|---|---|
| TVM/ITBG/PI/RC/36987 /20-21<br>26.3.22 | Desktop Computer- Intel Premium Medium-end- Windows 10prof | 1 | 39,797 |
| TVM/ITBG/PI/RC/36981 /20-21<br>26.3.22 | 1 KVA UPS With 30 Minute-medium -End Operating System | 1 | 23305 |
| | ആകെ | | 63,102 |

മേൽ ഐടി ഉപകരണങ്ങൾ ലഭ്യമായതിന്റെ വിശദാംശങ്ങൾ സ്റ്റോക്ക് രജിസ്റ്റർ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നമ്പർ 15/27.12.22 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. മേൽ ഐ ടി സാമഗ്രികൾ ലഭ്യമാകുന്നതുവരെ ചെലവ് തുക 63,102 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-27 പൊതുമരാമത്ത് പ്രവൃത്തികൾ -പൊതു അപാകതകൾ

I) പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കുന്നില്ല

ആകെ : 7,63,000

2021-22 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 174 പ്രൊജക്ടുകളാണ് (സ്പിൽ ഓവർ ഉൾപ്പെടെ) തയ്യാറാക്കിയത്. ഇതിൽ 114 പ്രൊജക്ടുകളിലായി ആകെ 22802808 രൂപയാണ് ചെലവഴിക്കാനായത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 174 | ആകെ അടങ്കൽ | 48330781 |
| നടപ്പിലാക്കിയത് | 114 | ചെലവ് | 22802808 |
| ശതമാനം | 65.5 | ചെലവ് ശതമാനം | 47.18 |

II.റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല .

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണെങ്കിലും ആയത് തയ്യാറാക്കിയിട്ടില്ല. കൂടാതെ മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുമ്പോൾ പഞ്ചായത്തിന്റെ ആസ്തിയിൽ തന്നെയാണോ പ്രവൃത്തി ചെയ്തത് എന്ന് ഉറപ്പു വരുത്തുന്നതിനുള്ള രേഖകളൊന്നും (ആസ്തി കൈമാറിയ രേഖ/ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിവരം) പ്രൊജക്ടിൽ സൂക്ഷിച്ചിട്ടില്ല.

പ്രവൃത്തി നടത്തുന്നത് പഞ്ചായത്തിന്റെ ആസ്തിയിൽത്തന്നെയാണോ എന്നത് ഉറപ്പു വരുത്തുന്നതിനാവശ്യമായ രേഖകളും കണക്ടിവിറ്റി മാപ്പും തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

III. രജിസ്റ്ററുകളുടെ പരിപാലനം

1. കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ഏർപ്പെടുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല.

2. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങൾ) ചട്ടം 10 ഉപചട്ടം 10 പ്രകാരം തുറന്ന ടെണ്ടറുകൾ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ടാബുലേറ്റ് ചെയ്ത് പഞ്ചായത്ത് എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ അഭിപ്രായക്കുറിപ്പോടെ, ടെണ്ടർ സ്വീകരിക്കുന്നതിന് ക്ഷമതയുള്ള അധികാര സ്ഥാനത്തിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ തൻവർഷം നിർവ്വഹണം നടത്തിയിട്ടുള്ള പ്രവൃത്തികളിൽ ടാബുലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

3 . മരാമത്ത് പ്രവൃത്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയ സൈറ്റ് ബോർഡ് പ്രവൃത്തി സ്ഥലങ്ങളിൽ വക്കുന്നില്ല. എസ്റ്റിമേറ്റുകളിൽ സൈറ്റ് ബോർഡിന് പ്രൊവിഷൻ വച്ചിട്ടില്ല.

അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-28 നടപടിക്രമങ്ങൾ പാലിക്കാതെ സിഡ്കോ മുഖേന മരാമത്ത് പ്രവൃത്തി.

2021-22 സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭ്യമാക്കിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളുടെ നിർവഹണം അക്രെഡിറ്റഡ് ഏജൻസിയായ SIDCO യെ ഏൽപ്പിക്കാൻ 16.08.2021-ലെ 1/6- നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് ഭരണ സമിതി തീരുമാനമെടുക്കുകയും രണ്ട് പ്രവൃത്തികളുടെ നിർവഹണം പ്രസ്തുത ഏജൻസി മുഖേന പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രൊജക്ട് നമ്പരും പേരും - SO 345/22- ചേരുറാൽ - അനന്താവൂർപാടം റോഡ് ഡ്രൈനേജ് നിർമാണം

അടങ്കൽ :- 763000/- ( ധനകാര്യക്കമ്മീഷൻ ഗ്രാന്റ്)

ചെലവ് 688411/-

നിർവഹണ ഏജൻസി :- സിഡ്കോ

ധനകാര്യ വിശകലനം പ്രവൃത്തി മൂല്യം- 628293

GST @ 12% 75395.16

സെന്റേജ് ചാർജ് @8% ( For Work Value) 50263.44

സെന്റേജ് ചാർജിന്റെ 18% GST = 9047.4

ആകെ - 763000

II. 165/22-വരിക്കോട്ടു ചിറ കുളവും തോടും നവീകരണവും സൗന്ദര്യവൽക്കരണവും

അടങ്കൽ- 1000000/- ( ധനകാര്യക്കമ്മീഷൻ ഗ്രാന്റ്)

ചെലവ്- 920379/-

ധനകാര്യ വിശകലനം- പ്രവൃത്തി മൂല്യം- 784681.88

GST @ 18% 141242.74

സെന്റേജ് ചാർജ് @8% ( For Work Value) 62775

സെന്റേജ് ചാർജിന്റെ GST 18 %- 11300

ആകെ - 1000000/-

മേൽ പറഞ്ഞ 2 പ്രൊജക്ടുകളുടെ നിർവഹണം 2021-22 ൽ പൂർത്തീകരിച്ചു.
താഴെ പറയുന്ന പ്രൊജക്ടുകളുടെ പ്രവൃത്തി നിർവഹണം കൂടി മേൽ പറഞ്ഞ തീരുമാന പ്രകാരം പഞ്ചായത്ത് ഭരണ സമിതി SIDCO യെ ഏൽപിച്ചിട്ടുണ്ട്.

(1) 329/22- അഴകത്ത് കളം ഊളംതോട് ജല സംരക്ഷണ ഷട്ടർ സ്ഥാപിക്കൽ

അടങ്കൽ 500000/-

(2) 344/22- കമ്മറമ്പ് - വൈരംകോട് റോഡ് ഡ്രൈനേജ് നിർമാണം.

അടങ്കൽ- 900000/-

(3) 166/22- ചെറുപാടം-ആലഞ്ചേരിത്തോട് സൈഡ് കെട്ടി സംരക്ഷിക്കൽ

അടങ്കൽ- 900000/-

(4) 324/22- വടക്കേവയൽപാടം അങ്കണവാടി റോഡ്

അടങ്കൽ- ആകെ 2500000/-
( 350000/- ധനകാര്യകമ്മീഷൻ ഗ്രാന്റ്), 50000/- തനത് ഫണ്ട്

2100000/- ( ജില്ലാ പഞ്ചായത്ത്)

ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(1) ഗ്രാമ പഞ്ചായത്തിന് സ്വന്തമായി അസിസ്റ്റന്റ് എഞ്ചിനീയറുടെ കീഴിൽ എഞ്ചിനീയറിങ്ങ് വിങ്ങ് നിലവിലുണ്ട്. എന്നാൽ ഈ പ്രോജക്റ്റിന് എസ്റ്റിമേറ്റ് തയ്യാറാക്കിയതും സാങ്കേതികാനുമതി നൽകിയതും SIDCO എന്ന സ്ഥാപനമാണ്. ഇത് 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾക്ക് വിരുദ്ധമാണ്. ചട്ടം 6(2) ൽ വിശദമായ പ്ലാനും എസ്റ്റിമേറ്റും പഞ്ചായത്ത് എഞ്ചിനീയറുടെ ചുമതലയിലും മേൽനോട്ടത്തിലും തയ്യാറാക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ചട്ടം 7 ൽ പഞ്ചായത്തിന്റെ പൊതുമരാമത്ത് പണികളുടെ ചുമതലയുള്ള AE/AXE/ൽ നിന്ന് സാങ്കേതികാനുമതി വാങ്ങിയിരിക്കേണ്ടതാണ് എന്നും വ്യക്തമായി പരാമർശിച്ചിട്ടുണ്ട്.

(2) അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടത്തുന്ന വർക്കുകൾ സംബന്ധിച്ച് സർക്കാർ പുതുക്കിയ വിശദമായ മാർഗരേഖ GO(P)311/2014 /Fin Dated 30.07.2014 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിലെ Annexure 11 ആദ്യ ഖണ്ഡികയിൽ തന്നെ വ്യക്തമാക്കുന്നത് സ്വന്തമായ എഞ്ചിനീയറിങ്ങ് വിങ്ങ് ഇല്ലാത്ത വകുപ്പുകൾക്ക് മാത്രമാണ് സർക്കാറിന്റെ മുൻകൂർ അനുമതി വാങ്ങാതെ അക്രഡിറ്റഡ് ഏജൻസികൾക്ക് വർക്ക് ഏൽപിച്ച് നൽകാൻ അനുമതിയുള്ളു എന്നാണ്. മാത്രമല്ല, സ്വന്തമായി എഞ്ചിനീയറിങ്ങ് വിങ്ങ് ഉള്ള വകുപ്പുകൾക്ക്, തങ്ങളുടെ എഞ്ചിനീയറിങ്ങ് വിഭാഗത്തിന് സാങ്കേതിക പരിജ്ഞാനം ഇല്ലാത്ത മേഖലയിലുള്ള പ്രവൃത്തികൾ സർക്കാറിന്റെ മുൻകൂർ അനുമതിയോടെ മാത്രം അക്രഡിറ്റഡ് ഏജൻസികൾക്ക് ഏൽപിച്ച് നൽകാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

(3) GO(P)95/2017/ Fin Dated 25.07.2017 ഉത്തരവിൽ അക്രഡിറ്റഡ് ഏജൻസികൾക്ക് വർക്കുകൾ നൽകുന്നത് സംബന്ധിച്ച് അധിക നിർദേശങ്ങൾ നൽകിയിട്ടുണ്ട്. ഈ ഉത്തരവിലെ ക്രമ നമ്പർ 3 പ്രകാരം “The Administrative Department Shall Adopt A Fair And Competitive Bidding Process For Selection Of Accredited Agency “ എന്നും ക്രമ നമ്പർ 4 ൽ " The Administrative Department Shall Ensure That All Relevant Guidelines Regarding Execution Of Public Works Are Complied “ എന്നും ക്രമ നമ്പർ 7 ൽ " TS Shall Be Issued By The Competent Authority Of Concerned Engineering Department” എന്നും വ്യക്തമായ രീതിയിൽ മാർഗനിർദേശം നൽകിയിട്ടുള്ളതാണ്.

(4) 2021-22 സാമ്പത്തിക വർഷത്തിൽ തിരുന്നാവായ ഗ്രാമ പഞ്ചായത്ത് പശ്ചാത്തല മേഖലയിൽ 4833078 രൂപ അടങ്കൽ തുക ഉൾപ്പെടുത്തി 174 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും 22802808 രൂപ ചെലവഴിച്ച് 114 പ്രൊജക്ടുകൾ മാത്രമാണ് നിർവഹിച്ചിട്ടിട്ടുള്ളത്. മൊത്തം അടങ്കൽ തുകയുടെ പകുതിയിൽ കുറഞ്ഞ തുകമാത്രമാണ് തൻ വർഷം ചെലഴിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ , ഗ്രാമ പഞ്ചായത്തിന് നിലവിലുള്ള സാങ്കേതിക വിഭാഗത്തെ ഉപയോഗപ്പെടുത്തി കൊണ്ട് തന്നെ കാര്യക്ഷമമായും കൂടുതൽ മെച്ചപ്പെട്ട രീതിയിലും ടി പ്രവൃത്തികളുടെ നിർവഹണം പൂർത്തീകരിക്കാമെന്നിരിക്കെ ടി പ്രവൃത്തികൾ ഭീമമായ തുക സെന്റേജ് ചാർജ് നൽകി SIDCO യെ ചുമതലയേൽപ്പിക്കുക വഴി അനാവശ്യമായ ചെലവുണ്ടാവുകയും ചെയ്തു. ഇത് സംബന്ധിച്ച്

വിശദീകരണമാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് 26/29-12-2022 ന് മറുപടി സമർപ്പിച്ചില്ല.

## 1-29 ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 45616 രൂപ തിരിച്ചടവാക്കി.

2021-2022 ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി പൂർത്തിയാക്കിയ വിവിധ പ്രൊജക്ടുകൾ നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാത്തതിന് പിഴയിനത്തിൽ 42616രൂപയും , റൂഫിംഗ് ഷീറ്റിന് അധിക നിരക്ക് നൽകിയ ഇനത്തിൽ 3000 രൂപയുംകൂടി ആകെ 45616 രൂപ വിവിധ രശീതികൾ പ്രകാരം പഞ്ചായത്തിൽ ഒടുക്കു വരുത്തി. പ്രവൃത്തികൾ സംബന്ധിച്ച സംക്ഷിപ്തം താഴെ കൊടുക്കുന്നു.

| ക്രമനം | പ്രൊജക്ട് നമ്പർ/ പേര് | ഒടുക്കിയ തുക | രശീതി നമ്പർ, തീയ്യതി |
|---|---|---|---|
| 1 | 80/2022- 126- നമ്പർ അംഗൻവാടി അറ്റകുറ്റപ്പണി കുറവ് വന്ന തുക നൽകൽ | 2783/- ( പിഴതുക) | 1220603258/G101305/ 29.12.2022 |
| 2 | SO-213/2022- ചെറളപ്പാടം റോഡ് കോൺക്രീറ്റ് | 16165/- | 1220603259/G101305/ 29.12.2022 |
| 3 | 238/22- 114- നമ്പർ അംഗൻവാടി നിർമാണം. | 4089/- | 1220603226/G101305/ 28.12.2022 |
| 4 | 243/22- 103- നമ്പർ അംഗൻവാടി നവീകരണം | 19579/- | 1220603260/G101305/ 29.12.2022 |
| 5 | ഫാമിലി ഹെൽത്ത് സെന്ററിന് ഷീറ്റിടൽ (198/22) | 3000/- | 1220603261/G101305/ 29.12.2022 |
| 6 | ആകെ ഒടുക്കിയ തുക | 45616/- | - |

അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

## 1-30 ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കുന്നില്ല

വാർഷിക കണക്ക് പ്രകാരം 2021-22 വർഷത്തിൽ Deposits Received ഇനത്തിൽ 4848475/-രൂപ ബാലൻസ് ഉണ്ട്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| Contractors’ Earnest Money Deposit | 131,948.00 |
| Suppliers’ Earnest Money Deposit | 18,000.00 |
| Bidders’ Earnest Money Deposit | 147531.00 |
| Contractors’ Security Deposit | 256,403.00 |
| Suppliers’ Security Deposit | 156,208.00 |
| Bidders’ Security Deposit | 2,478,370.00 |

| ഇനം | തുക |
|---|---|
| Contractors' Retention | 11,144.00 |
| Election Deposit | 96,000.00 |
| Other Deposits | 59,130.00 |
| Rent Deposit | 1,263,660.00 |
| Auction Deposit | 20,000.00 |
| Water Connection – Deposit | 210,081.00 |
| Total | 4,848,475.00 |

ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കാത്തതിനാൽ ഈയിനത്തിൽ ബാലൻസുള്ള 4,848,475.00 രൂപയിൽ തിരികെ നൽകേണ്ടതും, കേരള ഫിനാൻസ് കോഡ് Article 56 (B) പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതുമായ തുകകളുടെ വിവരം ലഭ്യമല്ല. ഡെപ്പോസിറ്റ് രജിസ്റ്റർ മേൽ പരാമർശിച്ച തുക സ്വീകരിച്ച തീയ്യതി, ഇനം, തിരികെ നൽകിയ തീയ്യതി, പഞ്ചായത്ത് ഫണ്ടിലേക്ക് അഡ്ജസ്റ്റ് ചെയ്തത്, ബാക്കി തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി കാലിമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 2021-22 വാർഷിക ഓഡിറ്റ് വേളയിൽ വാർഷിക ധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 500000 | പ്രൊ.നം-6/21-22 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 500000 | 0 |

| | | | | |
|---|---|---|---|---|
| | 420750 | പ്രൊ.നം-4/21-22 സമഗ്ര നെൽകൃഷി വികസനം | 420750 | 0 |
| ആകെ | 920750 | | 920750 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 700000 | പ്രൊ.നം-6/21-22 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 700000 | 0 |
| | 1085600 | പ്രൊ.നം-4/21-22 സമഗ്ര നെൽകൃഷി വികസനം | 1085600 | 0 |
| | 500000 | പ്രൊ.നം-202/21-22 എസ്.സി ലൈഫ് ഭവന പദ്ധതി | 500000 | 0 |
| | 153934 | പ്രൊ.നം-137/21-22 പരിരക്ഷ | 153934 | 0 |
| ആകെ | 2439534 | | 2439534 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | വായ്പ തുക | തൻ വർഷം അടച്ചത് | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| 1 | ലൈഫ് മിഷന് | ലഭ്യമല്ല | 12437667 | - | 1378667 | 11059000 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 55,000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 55,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 55,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ | 2000 | 1436/27.07.1987 |
| മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റയിൽസ്, കുറ്റിപ്പുറം | 50000 | 258/03.08.1996 |
| മലപ്പുറം ജില്ലാ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ | 3000 | 045/09.01.1994 |

കുറിപ്പ്

സ്ഥിര നിക്ഷേപം ഇനത്തിൽ വാർഷികകണക്കിൽ ബാലൻസുള്ള 55,000/- രൂപ വർഷങ്ങളായി തുടരുന്നതും എന്നാൽ പലിശയിനത്തിലോ മറ്റോ വരവ് ഇല്ലാത്തതുമാണ്.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

| ഓഡിറ്റ് വർഷം/ ഖണ്ഡികനം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം /ഖണ്ഡികനം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2011-12,12-13 2(1) | 2014-15 | ഷോപ്പിംഗ് കോംപ്ലക്സ് | 26.05.2016 ന് ലേലം നടന്നു 01.07.2016 മുതൽ എഗ്രിമെന്റ് വെച്ചു |
| 2014-15 2(5),2(3), | 2016-17 | | |
| 2015-16 2(1),2(2) | 2016-17 | 0 | 0 |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

| ക്രമ ന | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്/ സർ ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പർ തിയ്യതി | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2006-07 | 2-9, 2-14 | വി കെ മോഹന കൃഷ്ണൻ, സെക്രട്ടറി | LF10407/ Spl. Cell/ Scd1/ 12 Dt 18-9-14 | 9536 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 9536 |

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോ | സർ ചാർജ്ജ് സർട്ടിഫിക്കറ്റ് | സ്വയം അടവാക്കിയ | റവന്യൂ റിക്കവറിയിലൂടെ | കോടതി വ്യവഹാരങ്ങളിൽ | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന |
|---|---|---|---|---|---|---|---|---|---|

| | | | ഗിക സ്ഥാനം, ഭരണ വകുപ്പ്. | നമ്പർ തിയ്യതി | തുക | തുക (രസീത് നമ്പർ, തിയ്യതി) | ഈടാക്കിയ തുക, രസീത് | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | തുക |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2006-07 | 3-1 3-10 | വി.കെ. മോഹനകൃഷ്ണൻ, സെക്രട്ടറി | LF10407/ Spl. Cell/ Scd1/12 | 40371 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 40371 |
| 2 | 2006-07 | 3-8 | | LF10407/ Spl. Cell/ Sc/ D1/12 Dt 17-6-15 | 4773 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4773 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 100626145 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 100537590 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 567160 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 107628 | ശ്രീമതി. ബിന്ദു സെബാസ്റ്റ്യൻ , സെക്രട്ടറി-ഇൻ-ചാർജ്ജ് |
| | 359381 | ശ്രീ. അബ്ദുൾ ഹക്കിം യു , സെക്രട്ടറി |
| 1-25 | 37049 | ശ്രീ. അബ്ദുൾ ഹക്കിം യു , സെക്രട്ടറി |
| 1-26 | 63102 | ശ്രീമതി. ഷൈലജ ബിന്ദു , ഹെഡ്മിസ്ട്രസ്സ് |
| ആകെ | 567160 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ബാധകമല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1978-79 | എൽ.എഫ്.എം.7/1080/94 തിയ്യതി: 31.08.2004 | 2 |
| 1979-80 | എൽ.എഫ്.എം.7/1081/94 തിയ്യതി: 31.08.2004 | 2 |
| 1980-81 | എൽ.എഫ്.എം.7/1082/94 തിയ്യതി: 31.08.2004 | 3 |
| 1982-83 | എൽ.എഫ്.എം.7/1084/94 തിയ്യതി: 31.08.2004 | 1 |
| 1983-84 | എൽ.എഫ്.എം.7/1085/94 തിയ്യതി: 31.08.2004 | 8 |
| 1984-85 | എൽ.എഫ്.എം.7/1086/94 തിയ്യതി: 31.08.2004 | 7 |
| 1985-86 | എൽ.എഫ്.എം.7/1087/94 തിയ്യതി: 31.08.2004 | 10 |
| 1986-87 | എൽ.എഫ്.എം.7/1088/94 തിയ്യതി: 31.08.2004 | 12 |
| 1987-89 | എൽ.എഫ്.എം.7/1069/94 തിയ്യതി: 04.05.1994 | 17 |
| 1989-91 | എൽ.എഫ്.എം.7/1084/94 തിയ്യതി: 06.02.1995 | 12 |
| 1991-92 | എൽ.എഫ്.എം.7/1089/94 തിയ്യതി: 31.08.1994 | 7 |
| 1994-96 | എൽ.എഫ്.എം.5/868/99 തിയ്യതി 5.10.99 | 4 |
| 1997-98 (പദ്ധതി ചെലവ് ഒഴികെ) | എൽ.എഫ്.എം.7/2375/07 തിയ്യതി 6.2.09 | 1 |
| 1998-99 (പദ്ധതി ചെലവ് ഒഴികെ) | എൽ.എഫ്.എം.7/2376/07 തിയ്യതി 6.2.09 | 1 |
| 1999-2000 (പദ്ധതി ചെലവ് ഒഴികെ) | എൽ.എഫ്.എം.7/2373/07 തിയ്യതി 6.2.09 | 4 |
| 1997-98 മുതൽ 1999-2000 (പദ്ധതി ചെലവ് ഒഴികെ) | എൽ.എഫ്.എം.16/1617/07 തിയ്യതി 28.9.05 | 23 |
| 2000-01 | എൽ.എഫ്.എം.7/2374/07 തിയ്യതി 6.2.09 | 10 |
| 2001-02 | എൽ.എഫ്.എം.7/2378/07 തിയ്യതി 25.3.09 | 3 |
| 2002-03 | എൽ.എഫ്.എം.7/2379/07 തിയ്യതി 25.3.09 | 3 |
| 2003-04 | എൽ.എഫ്.എം.7/2380/07 തിയ്യതി 25.3.09 | 14 |
| 2004-05 | എൽ.എഫ്.എം.14/2215/08 | 16 |

| | | |
|---|---|---|
| | തിയ്യതി 25.3.09 | |
| 2006-07 | എൽ.എഫ്.എം.14/1249/2011<br>തിയ്യതി 17.02.12 | 49 |
| 2007-08 | എൽ.എഫ്.എം.14/1490/10<br>തിയ്യതി 18.7.09 | 42 |
| 2008-09,<br>2009-10, 2010-11 | എൽ.എഫ്.എം.17/201/2013<br>തിയ്യതി 8.4.13 | 25 |
| 2011-12, 2012-13 | എൽ.എഫ്.എം.17/1357/2014<br>തിയ്യതി 11.12.14 | 19 |
| 2013-14, 2014-15 | എൽ.എഫ്.എം.17/1357/2014<br>തിയ്യതി 30.01.17 | 18 |
| 2015-16 | കെ.എസ്.എ.എം.പി.എം.17/3282/2016 | 16 |
| 2016-17 | കെഎസ്എ എംപിഎം 17/2242/2017<br>തിയതി 19.07.18 | 11 |
| 2017-18 | നം.കെ.എസ്.എ.എം.പി.എം17/1999/2019<br>തിയതി 17.09.19 | 29 |
| 2018-19 | നം.കെ.എസ്.എ.എം.പി.എം17/226/20<br>തിയതി 14.10.20 | 9 |
| 2019-20 | നം.കെ.എസ്.എ.എം.പി.എം17/645/22<br>തി. 28.08.2022 | 14 |
| 2020-21 | നം.കെ.എസ്.എ.എം.പി.എം17/655/22<br>തി. 29.09.2022 | 27 |

ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ തിരുന്നാവായ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ തിരുന്നാവായ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്